**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 127** **09-12-2022 - ൽ മറുപടിയ്ക്ക്**

**ലഹരി ഉപയോഗിച്ച് വാഹനം ഓടിക്കുന്നവരെ കണ്ടെത്താൻ പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾക്ക് ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം ഒരു പ്രധാന ഘടകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് ഉണ്ടാകുന്ന റോഡപകടങ്ങളിൽ ലഹരി പദാർത്ഥങ്ങൾ ഉപയോഗിച്ചുകൊണ്ട് വാഹനം ഓടിക്കുന്നതും ഒരു കാരണമാണ് എന്നുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഡ്രൈവർമാർ ലഹരി പദാർത്ഥങ്ങൾ ഉപയോഗിച്ചിട്ടുണ്ടോ എന്നുള്ള വിഷയം പരിശോധിക്കുവാൻ മോട്ടോർ വാഹന വകുപ്പിന് പരിമിതിയുള്ളതിനാൽ, ഇത് പരിശോധിക്കുന്നതിന് എക്സൈസ് വകുപ്പിന്റെ സേവനവും ഉപയോഗപ്പെടുത്തിവരുന്നുണ്ട്. |
| (ബി) | രാത്രികാലങ്ങളിൽ ഉൾപ്പെടെ വാഹന പരിശോധന ശക്തിപ്പെടുത്തുന്നതിനും പുതിയ തരത്തിലുള്ള സിന്തറ്റിക് ലഹരിവസ്തുക്കൾ ഉപയോഗിക്കുന്ന ഡ്രൈവർമാരെ കണ്ടെത്തുന്നതിനും പര്യാപ്തമായ എന്തെല്ലാം സംവിധാനങ്ങളാണ് മോട്ടോർ വാഹന വകുപ്പിനുള്ളതെന്ന് വിശദമാക്കുമോ; | (ബി) | 07/10/2022-ന് ബഹു.ഗതാഗത മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഉന്നതതലയോഗത്തിൽ എക്സൈസ് വകുപ്പുമായി ചേർന്ന് ലഹരി ഉപയോഗിച്ച് വാഹനമോടിക്കുന്നതിനെതിരെ സംയുക്ത പരിശോധനകൾ നടത്തുവാൻ തീരുമാനിക്കുകയും അതനുസരിച്ച് പരിശോധനകൾ നടത്തിവരുകയും ചെയ്യുന്നു. ലഹരി ഉപയോഗിച്ചതിനുശേഷമാണ് വാഹനം ഓടിച്ചതെന്ന് തെളിഞ്ഞാൽ മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 185 പ്രകാരം കേസ് ചാർജ്ജ് ചെയ്ത്, പിഴ ഈടാക്കുന്നതും ലൈസൻസ് അയോഗ്യത കല്പിക്കുന്നതുമുൾപ്പെടെയുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്. ലഹരി വസ്തുക്കൾ ഉപയോഗിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള ഉപകരണങ്ങൾ കേരളാ റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് വാങ്ങുന്നതിന് മോട്ടോർ വാഹന വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു. ലഹരി വിരുദ്ധ പ്രചാരണത്തിന്റെ ഭാഗമായി എക്സൈസ് വകുപ്പുമായി ചേർന്ന് 22/12/2022 മുതൽ 30/12/2022 വരെ ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ എല്ലാ ഓഫീസുകളിലും ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസുകൾ |

| | | | |
|---|---|---|---|
| | | | സംഘടിപ്പിക്കുവാനും വകുപ്പിലെ ജീവനക്കാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ലഹരി പദാർത്ഥങ്ങൾ ഉപയോഗിച്ചുകൊണ്ട് വാഹനമോടിക്കുന്ന ഡ്രൈവർമാർക്കെതിരെ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | (സി) | 07/10/2022-ന് ബഹു.ഗതാഗത മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഉന്നതതലയോഗത്തിൽ എക്സൈസ് വകുപ്പുമായി ചേർന്ന് ലഹരി ഉപയോഗിച്ച് വാഹനമോടിക്കുന്നതിനെതിരെ സംയുക്ത പരിശോധനകൾ നടത്തുവാൻ തീരുമാനിക്കുകയും അതനുസരിച്ച് പരിശോധനകൾ നടത്തിവരുകയും ചെയ്യുന്നു. ലഹരി ഉപയോഗിച്ചതിനുശേഷമാണ് വാഹനം ഓടിച്ചതെന്ന് തെളിഞ്ഞാൽ മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 185 പ്രകാരം കേസ് ചാർജ്ജ് ചെയ്ത്, പിഴ ഈടാക്കുന്നതും ലൈസൻസ് അയോഗ്യത കല്പിക്കുന്നതുമുൾപ്പെടെയുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്. ലഹരി വസ്തുക്കൾ ഉപയോഗിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള ഉപകരണങ്ങൾ കേരളാ റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് വാങ്ങുന്നതിന് മോട്ടോർ വാഹന വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു. ലഹരി വിരുദ്ധ പ്രചാരണത്തിന്റെ ഭാഗമായി എക്സൈസ് വകുപ്പുമായി ചേർന്ന് 22/12/2022 മുതൽ 30/12/2022 വരെ ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ എല്ലാ ഓഫീസുകളിലും ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുവാനും വകുപ്പിലെ ജീവനക്കാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | നിയമവിരുദ്ധവും അപകടകരവുമായ രീതിയിൽ വാഹനമോടിച്ച് സമൂഹമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നവരെ കണ്ടെത്തുന്നതിനും അവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതിനും എന്തെല്ലാം മുൻകരുതൽനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (ഡി) | ഇത്തരം നിയമ വിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ നടപടിയെടുക്കാൻ കേരളാ പോലീസിലെ സൈബർ വിഭാഗത്തിന് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ